## കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം

90 (2189) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കോർപ്പറേഷന്റെ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും ഈ വർക്ക് ഷോപ്പുകളിൽ നടത്താൻ കഴിയുന്നുണ്ടോ ;

(സി) ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടം വ്യക്തമാക്കുമോ ; ബസ്സുകളുടെ പരിശോധനയും അറ്റകുറ്റപ്പണികളും യഥാസമയം നടത്തുന്നതിന് വർക്ക് ഷോപ്പുകൾ സജ്ജമാണോ ?

### ഉത്തരം

(എ) നിർജ്ജീവമായിക്കിടന്ന വർക്ക്ഷോപ്പുകൾ പുനരുദ്ധരിക്കാനുള്ള നടപടിയാണ് ആദ്യം കൈക്കൊണ്ടത്. തുരുമ്പ് പിടിച്ച് ഉപയോഗ ശൂന്യമായികിടന്ന പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും പകരം പുതിയവ വാങ്ങി ബസ് ബോഡികൾ കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ തന്നെ നിർമ്മിക്കുവാൻ തക്കവിധം സജ്ജമാക്കി. ഇതിനുവേണ്ടി 16 മിഗ് വെൽഡിംഗ് മെഷിൻ, 15 ജിഗ് ബേ, 38 പവർ സ്ക്രൂ ഡ്രൈവർ, 10 ഇംപാക്ട് റഞ്ച്, 81 പോർട്ടബിൾ ആംഗിൾ ഗ്രൈൻഡർ, 250 മാന്വൽറിസറ്റിംഗ് ഗൺ, 25 ന്യൂമാറ്റിക് റിവറ്റിംഗ് ഗൺ, 18 കട്ടിംഗ് മെഷിൻ, എൽ.പി.വി. കട്ടിംഗ് ടോർച്ച് എന്നിവ 2007-2008 കാലയളവിൽ വാങ്ങുകയുണ്ടായി. ബസ് ബോഡി നിർമ്മാണത്തിന് ആവശ്യമുള്ള ജീവനക്കാർ കുറവായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും എംപാനൽ വ്യവസ്ഥയിലും വിവിധ വിഭാഗങ്ങളിലായി ജോലിക്ക് നിയോഗിക്കുകയും അവർക്ക് ബോഡി നിർമ്മാണത്തിൽ പരിശീലനം നൽകുകയുമുണ്ടായി. അതോടൊപ്പം ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുവഴി സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി എന്നിതരം ബസുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നടത്തിവരുന്നു. ഈ വർക്ക്ഷോപ്പുകൾക്കൊക്കെതന്നെ അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തൽഫലമായി സെൻട്രൽ വർക്സ് പാപ്പനംകോടിന് ബി.ക്ലാസ്സ് പദവിയിലുള്ള അക്രഡിറ്റേഷൻ ലഭിക്കുകയും ചെയ്തു. മറ്റ് വർക്ക്ഷോപ്പുകളിൽ അക്രഡിറ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് വേണ്ടതായ പ്രേസ് ബ്രേക്ക്, ഷിയറിംഗ് മെഷീൻ, ടിഗ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടേയ്ക്ക് പരിശോധനാസൗകര്യത്തിന് വേണ്ടതായ ബ്രേണൽ ഹാർഡ് ടെസ്റ്റർ, പെയിന്റ് തിക്നെസ് മെഷറിംഗ് ഗേവ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. എടപ്പാളിൽ ഫോസ്ഫേറ്റ് പ്ലാന്റ് നിർമ്മിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ക്രമേണ കോഴിക്കോട്, ആലുവ, മാവേലിക്കര എന്നീ വർക്ക്ഷോപ്പുകളിലും ഇത്തരം നവീകരണ പ്രക്രിയകൾ ആരംഭിക്കുന്നതാണ്. വളരെ ശോചനീയാവസ്ഥയിലുള്ള പല വർക്ക്ഷോപ്പുകളിലും അറ്റകുറ്റപണികൾ നടന്നുവരുന്നു. കൂടാതെ വാഷിംഗ് റാമ്പ്, ഇൻസ്പെക്ഷൻ പിറ്റ് എന്നിവ ഇല്ലാത്ത ഡിപ്പോകളിൽ അവ പണിയുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പന്തളം, അടൂർ എന്നിവിടങ്ങളിൽ പുതിയ ഗ്യാരേജ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) എ.സി. ബസ്സുകൾ ഒഴികെയുള്ള എല്ലാ ബസ്സുകളുടെയും (സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി ഫാസ്റ്റ്, തിരു-കൊച്ചി) ബോഡികൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ നിർമ്മിച്ചുവരുന്നു.

(സി) ബസ് ബോഡി നിർമ്മാണം പുനരാരംഭിച്ചതിന് ശേഷം 22-12-2010 വരെ 2565 ബസുകൾ കോർപ്പറേഷന്റെ വിവിധ വർക്ക്ഷോപ്പുകളിലായി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ വർക്ക് ഷോപ്പുകളിൽ ബോഡി പണിയുന്നതിന് സൂപ്പർ ഡീലക്സിന് 7,39,505 രൂപയും സൂപ്പർ ഫാസ്റ്റിന് 4,44,495 രൂപയും ഫാസ്റ്റ് പാസഞ്ചറിന് 4,36,489 രൂപയും ഓർഡിനറി ബസ്സിന് 4,34,903 രൂപയും ചെലവ് വരും. 2001-2005 കാലയളവിലെ പുറത്തെ വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 5,29,000 രൂപ ചെലവായിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 4,25,106 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ഇപ്രകാരം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിക്കുന്നത്മൂലം കോർപ്പറേഷന് ശരാശരി 1,03,893 രൂപ ലാഭം ഉണ്ടാകുന്നുണ്ട്.

## ലോഫ്ളോർ ബസ് സർവ്വീസുകൾ

91 (2190) ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഏതൊക്കെ നഗരങ്ങളിലാണ് ലോ ഫ്ളോർബസ് സർവ്വീസുകൾ നടത്തുന്നത് ; എ.സി. നോൺ എ.സി വിഭാഗത്തിൽ ഓരോന്നിലും എത്ര ബസുകൾ വീതമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly